# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1877    17/03/2015-ൽ മറുപടിയ്ക്ക്

### നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികൾ

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ പേരും തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ;

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതു വരെയായി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയതും ഹാർബർ എൻജിനീയറിംഗ് വകുപ്പ് നടപ്പാക്കി പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ പേരും തുകയും ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ തീരദേശ റോഡുകളുടെ ലിസ്റ്റ്**

| ക്രമ നം. | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | വെട്ടുകാട് തെരവിയം റോഡ് | 35.50 | 42.17 | പൂർത്തിയായി |
| 2 | വീതലി - മുഴങ്ങുവിള പൊഴിയൂർ റോഡ് | 28.30 | 32.07 | പൂർത്തിയായി |
| 3 | പൊഴിയൂർ പൊഴിക്കര ബീച്ച് റോഡ് | 30.00 | 28.97 | പൂർത്തിയായി |
| 4 | പനങ്കാല - മാവിലക്കടവ് കൊണ്ടോട്ടി ബണ്ട് റോഡ് | 54.00 | - | പ്രവൃത്തി പുരോഗമിക്കുന്നു. |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ പരുത്തിയൂർ മത്സ്യഗ്രാമത്തിൽ 200.00 ലക്ഷം രൂപ അടങ്കൽ തുകയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കുന്നു.

കുടിവെള്ള പദ്ധതി - 69.55 ലക്ഷം രൂപ
- പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

വ്യക്തിഗതടോയ്ലറ്റ് - 42.00 ലക്ഷം രൂപ
- 210 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി

കമ്മ്യൂണിറ്റി ഫെസിലിറ്റി സെന്റർ- 35.50 ലക്ഷം രൂപ
- ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

ഹൈമാസ്റ്റ്ലൈറ്റ് - 24.00 ലക്ഷം രൂപ - പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

2) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നു.

കൊല്ലംകോട് കുടിവെള്ള പദ്ധതി
- 40.00 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.

പരുത്തിയൂർ ഫിഷ് ലാന്റിംഗ് സെന്റർ
- 90.00 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.

പൊഴിയൂർ യു.പി. സ്കൂൾ - 142.00 ലക്ഷം രൂപ - ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

നെറ്റ് മെന്റിംഗ് യാർഡ്, പരുത്തിയൂർ - 35.00 ലക്ഷം രൂപ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

3) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം വെള്ളമണൽ കോളനി വൈദ്യുതീകരണത്തിനായി 1.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതി കുളത്തൂർ ഗ്രാമപഞ്ചായത്ത്/കെ.എസ്.ഇ.ബി. വഴി നടപ്പിലാക്കുന്നു.

4) ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി കുളത്തൂർ മത്സ്യമാർക്കറ്റ് നിർമ്മാണം നടപ്പിലാക്കുന്നതിനായി 137.55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതി പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| | | | 5) ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിലുൾപ്പെടുത്തി 2 ലക്ഷം രൂപ വില വരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഒരു ഓട്ടോറിക്ഷയും 9 ലക്ഷം രൂപ വില വരുന്ന ഒരു ഇൻസുലേറ്റഡ് ട്രക്കും നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വിതരണം ചെയ്തു<br><br>6) ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി കൊല്ലംകോട് മത്സ്യഗ്രാമത്തിൽ 80 ഗുണഭോക്താക്കൾക്കും പരുത്തിയൂർ മത്സ്യഗ്രാമത്തിൽ 47 ഗുണഭോക്താക്കൾക്കും ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു.<br><br>7) കട്ടമരം മോട്ടോറൈസേഷൻ പദ്ധതിയിലുൾപ്പെടുത്തി 5 ഗുണഭോക്താക്കൾക്ക് എഞ്ചിൻ വാങ്ങുന്നതിന് 30,000 രൂപ വീതം സഹായധനം അനുവദിച്ചു. |
| (ബി) | ഭരണാനുമതി നൽകിയതിൽ ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾക്ക് കാലതാമസം വരുത്തുന്നതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ; | (ബി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ നബാർഡ് RIDF XIX-ൽ ഉൾപ്പെട്ട വെള്ളമണൽ പാലം, ക്ഷേത്രനടപാലം എന്നിവയുടെ നിർമ്മാണം. അപ്രോച്ച് റോഡിനായുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് കൈമാറി നൽകാത്തതിനാൽ ആരംഭിച്ചിട്ടില്ല. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിച്ച പദ്ധതികളെല്ലാം തന്നെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടത്തിലാണ്. |

സെക്ഷൻ ആഫീസർ